
1520 ④ 39

D:\ajith\2022\december\k disk.RTF - Page : 1 - 07-12-2022 17:59:20

വിവരാവകാശ നിയമപ്രകാരം സമർപ്പിക്കുന്ന അപേക്ഷ




അപേക്ഷകൻ


ബി.അജിത് രാജ്
സ്റ്റാഫ് റിപ്പോർട്ടർ,
മാതൃഭൂമി
തിരുവനന്തപുരം: ഫോൺ 9961408999


RTI-2
RTI Received on 08.12.22

സ്വീകർത്താവ്

അസി. ഇൻഫർമേഷൻ ഓഫീസർ
കെ.ഡിസ്ക് ആസ്ഥാനം
തിരുവനന്തപുരം

വിവരാവകാശ നിയമപ്രകാരം താഴെ പ്രദിപാദിക്കുന്ന ചോദ്യങ്ങൾ പരിഗണിച്ച് മറുപടി ലഭ്യമാക്കണമെന്ന് താത്പര്യപ്പെടുന്നു.

1. കെ ഡിസ്ക്ക് രൂപീകരിച്ചശേഷം ഇതുവരെ നടത്തിയിട്ടുള്ള ട്രെയിനിങ് പ്രോഗ്രാമുകൾ , വർക്ക് ഷോപ്പുകൾ, മീറ്റിംഗുകൾ എന്നിവയുടെ വിശദ വിവരങ്ങൾ പരിപാടിയുടെ പേര്, നടത്തിയ സ്ഥലം, പദ്ധതി, പങ്കെടുത്തവർ, വിവിധ ഹെഡ് തിരിച്ചു ചിലവായ തുക, അറ്റന്റൻസ് ഷീറ്റ്, ഔട്ട് പുട്ട് എന്നിവ. KKEM. EM.

2. കെ ഡിസ്ക്കിന് ജില്ല, മേഖല തലത്തിൽ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടോ? (ഉണ്ട്) ഉണ്ടെങ്കിൽ അവരുടെ പേര്, ഓഫീസ് വിലാസം, മൊബൈൽ നമ്പർ, ശമ്പളം, റിപ്പോർട്ടിങ് ഓഫീസറുടെ പേരും വിലാസവും, ജില്ലാ തല റിപ്പോർട്ടിങ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ അവസാന മൂന്നു മാസത്തെ അറ്റന്റൻസ് ഷീറ്റ് എന്നീ വിവരങ്ങൾ.

8/12/22

3. ഞാറ്റുവേല, മഴവിൽ, YIP, ODOI, OLOI, എമെർജിങ് ടെക്നോളജി പദ്ധതികൾക്കായി നാളിതുവരെ ചിലവാക്കിയിട്ടുള്ള തുകയുടെ ഹെഡ് തിരിച്ചുള്ള വിവരങ്ങൾ. ✓

4. മിയാവാക്കി പദ്ധതി എവിടൊക്കെ നടപ്പിലാക്കി, നിലവിൽ പദ്ധതി നടക്കുന്നുണ്ടോ, (ഉണ്ട്) നടപ്പിലാക്കിയ സ്ഥലങ്ങളുടെ ഏരിയ, ചിലവാക്കിയ തുക എന്നീ വിവരങ്ങൾ.

5. കെ ഡിസ്ക് / കെ ഡിസ്കിന് വേണ്ടി സി എം ഡി കഴിഞ്ഞ ഒരു വർഷം നടത്തിയ നിയമന തെരെഞ്ഞെടുപ്പുകളെ സംബന്ധിച്ച്
അപേക്ഷ ക്ഷണിച്ച പോസ്റ്റുകൾ, വിജ്ഞാപനത്തിന്റെ പകർപ്പ്, ഓൺലൈൻ / ഓഫ് ലൈൻ വഴി അപേക്ഷിച്ചവരുടെ പേരും വിലാസവും അപേക്ഷ ലഭിച്ച തീയതിയും സമയവും ഓൺലൈൻ എങ്കിൽ മെയിൽ സ്ക്രീൻ ഷോട്ട്, ചുരുക്കപട്ടിക, CMD

6. കെ ഡിസ്കിലേക്കുള്ള ഇന്റർവ്യൂവിൽ പങ്കെടുത്തവർ, ഇന്റർവ്യൂ ബോർഡ് മെമ്പർമാർ ഓരോരുത്തർക്കും ലഭിച്ച മാർക്ക്,സ്കോർ കാർഡിന്റെ കോപ്പി, റാങ്ക് ലിസ്റ്റ്, നിയമന കത്ത്, പോസ്റ്റിൽ നിയമനം ലഭിച്ചയാളുടെ പേരും വിലാസവും അടങ്ങുന്ന വിവരങ്ങൾ ലഭ്യമാക്കുക. – CMD

7. കെ ഡിസ്കിന്റെ സൊസൈറ്റി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ബൈ ലോ, ഒഞ്ച മാനുവൽ എന്നിവയുടെ കോപ്പി. (സൊസൈറ്റി 1 page (3) 29 ഇല്ല)

8. കെ ഡിസ്ക്കിന്റെ ഗവേണിംഗ് ബോഡി അംഗങ്ങൾ ആരൊക്കെ? (2 Page)

9. ഗവേണിങ് ബോഡി തെരെഞ്ഞെടുപ്പിന്റെ മാനദണ്ഡം വ്യക്തമാക്കുക

10. ഗവേർണിങ് ബോഡി യോഗങ്ങളുടെ അറ്റന്റൻഡൻസ് ഷീറ്റോടുകൂടിയ മിനുട്സ് എന്നിവയുടെ കോപ്പി. 15 page.

വിശ്വസ്തതയോടെ
ബി.അജിത് രാജ്
(signature)

8-12-2022
തിരുവനന്തപുരം

(5)

41

വിവരാവകാശ നിയമം -2005

RTI reply to CMD

K-DISC
Kerala Development and Innovation Strategic Council

കേരള ഡവലപ്മെൻറ് & ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ

നമ്പർ :696/2022/KDISC

ഇന്ത്യ ഹൈറ്റ്സ് ബിൽഡിംഗ്
തിരുവനന്തപുരം-695014
12-12-2022

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

ബി. അജിത് രാജ്
സ്റ്റാഫ് റിപ്പോർട്ടർ
മാതൃഭൂമി തിരുവനന്തപുരം

സർ,

വിഷയം :- കെഡിസ്ക് - വിവരാവകാശ നിയമം -2005 പ്രകാരം- വിവരം ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന :- 08.12.2022 ലെ താങ്കളുടെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. പ്രസ്തുത അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന 5,6 ഇനങ്ങളിന്മേലുള്ള വിവരങ്ങൾ ഈ വകുപ്പിൽ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത വിവരങ്ങൾ ലഭ്യമെങ്കിൽ ആയത് നേരിട്ട് നൽകുന്നതിനായി അപേക്ഷയുടെ പകർപ്പ് വിവരാവകാശനിയമം 6 (3) പ്രകാരം, കെഡിസ്കിന് വേണ്ടി നിയമനങ്ങൾ നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ച ഏജൻസിയായ സി എം ഡി യുടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറിനു കൈമാറിയിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുന്നു.

മേൽ മറുപടിയിൽ താങ്കൾക്ക് പരാതിയുള്ള പക്ഷം മറുപടി ലഭിച്ച് 30 ദിവസത്തിനകം അപ്പീൽ അധികാരിക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

അപ്പീൽ അധികാരി & മെമ്പർ സെക്രട്ടറി
കേരള ഡവലപ്മെൻറ് & ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ
ഇന്ത്യ ഹൈറ്റ്സ് ബിൽഡിംഗ് തിരുവനന്തപുരം-695014

വിശ്വസ്തതയോടെ

S. [signature]

സുരേഷ് കുമാർ എസ്
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ് :-

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, സെന്റർ ഫോർ മാനേജ്മെന്റ്, തൈക്കാട്, തിരുവനന്തപുരം

(അപേക്ഷകൻ വിവരാവകാശനിയമപ്രകാരം ആവശ്യപ്പെട്ട 5,6 എന്നീ ഇനങ്ങൾക്ക് വിവരങ്ങൾ ലഭ്യമെങ്കിൽ ആയത് സമയബന്ധിതമായി നൽകുന്നതിനായി അപേക്ഷയുടെ പകർപ്പ് ഇതോടോപ്പം അയക്കുന്നു.)

വിവരാവകാശ നിയമം -2005

K-DISC
Kerala Development and Innovation Strategic Council

# കേരള ഡെവലപ്പ്മെന്റ് & ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ

നം. 696/2022/കെ-ഡിസ്ക്

ഇന്ത്യ ഹൈറ്റ്സ്
ഗവ. വിമൻസ് കോളേജ് റോഡ്
വഴുതക്കാട് തൈക്കാട്. പി.ഒ
തിരുവനന്തപുരം - 695 014
തീയതി : 04/01/2023

പ്രേഷകൻ,
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്,
ബി. അജിത് രാജ്
സ്റ്റാഫ് റിപ്പോർട്ടർ
മാതൃഭൂമി
തിരുവനന്തപുരം

സർ,

വിഷയം:- വിവരാവകാശ നിയമം 2005 പ്രകാരം ശ്രീ. ബി. അജിത് രാജ് 08.12.2022 ന സമർപ്പിച്ച അപേക്ഷ - മറുപടി സംബന്ധിച്ച്

സൂചന:- താങ്കളുടെ 08.12.2022 ലെ, വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 8.12.2022 ലെ അപേക്ഷയിൽ താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ട്രെയിനിങ് പ്രോഗ്രാമുകൾ, വർക്ക് ഷോപ്പുകൾ, മീറ്റിംഗുകൾ എന്നിവയുടെ വിശദ വിവരങ്ങൾ പരിപാടിയുടെ പേര്, നടത്തിയ സ്ഥലം, പദ്ധതി, പങ്കെടുത്തവർ, വിവിധ ഹെഡ് തിരിച്ച ചിലവായ തുക, അറ്റൻൻസ് ഷീറ്റ്, ഔട്ട് പുട്ട് എന്നിവയുടെ വിശദവിവരങ്ങൾ 4,613 പേജുകളിലായാണ് ഉള്ളത് .

2. ജില്ലാ തലത്തിൽ പ്രൊജക്റ്റ് എക്സിക്യൂട്ടീവ്സിനെ നിയമിച്ചിട്ടുണ്ട്.പേര്, ശമ്പളം, മുതലായ വിവരങ്ങൾ പൊതുതാല്പര്യ പ്രകാരമുള്ളതാണെന്ന് കരുതാൻ കഴിയാത്തതിനാൽ ആയത് ലഭ്യമാക്കാൻ നിർവാഹമില്ല.

- ജില്ലാ തലത്തിൽ ഓഫീസ് ഇല്ല
- റിപ്പോർട്ടിങ് ഓഫീസർ : മെമ്പർ സെക്രട്ടറി, കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നോവേഷൻ സ്ട്രാറ്റജിക് കൌൺസിൽ (കെഡിസ്ക് ), ഇന്ത്യ ഹൈറ്റ്സ് ബിൽഡിംഗ്, ഗവ വിമൻസ് കോളേജ് റോഡ് ,വഴുതക്കാട്,തിരുവനന്തപുരം പിൻകോഡ് 695014

3.

| SL NO | Project Name (plan ) | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23(UPTO DEC 21) |
|---|---|---|---|---|---|---|---|
| 1 | Manchadi Teach Maths for Kerala | | 12369637 | 20936136 | 32329269 | 13091763.00 | 1,11,78,907 |
| 2 | Young Innovators Programme | | 6658157 | 24226745 | 26069839 | 28640513.00 | 3,06,24,977 |

52

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | **Accelerating Adoption of Emerging Technology solutions in Government** | | | 4379547 | 4020330 | 8530695.00 | **64,80,977** |
| 4 | **Mazhavillu-Teach Science for Kerala** | | | 7790 | 3253692 | 4194473.00 | **22,28,145** |
| 5 | **Miyawaki Afforestation Project for Rapid Forest Devlopment** | | | | 28318908 | 8458547.00 | **16,18,986** |
| 6 | **Program Management Unit for Emerging Technologies** | | | | 3524991 | 709675.00 | **53,63,513** |
| 7 | **One District One Idea** | | | | | 610747.00 | **1,03,77,764** |
| 8 | **One Local Government One Idea** | | | | | 1428000.00 | **19,23,600** |
| | **Sub Total** | **0** | **19027794** | **49550218** | **97517029** | **65664413** | **6,97,96,869** |

4. മിയാവാക്കി പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| **I. No** | **Locations** | **Area** | **District** |
|---|---|---|---|
| 1 | Government High School, Chalai | 10 Cents | Thiruvananthapuram |
| 2 | Ashramam Maithanam | 20 Cents | Kollam |
| 3 | Muziris Alapuzha Port Museum | 20 Cents | Alappuzha |
| 4 | INS, Venduruthy, Cochin | 10 Cents | Ernakulam |
| 5 | CUSAT campus | 10 Cents | Ernakulam |
| 6 | Muziris Munakkal Beach,Azhikode | 20 Cents | Thrissur |
| 7 | Institutional Complex under Women and Child Development Department, | 10 Cents | Thrissur |
| 8 | State Forest Training Institute, Walayar | 10 Cents | Palakkad |
| 9 | Nila park, Ponnani | 10 Cents | Malappuram |
| 10 | Between Community hall& Park, Bhatt Road | 10 Cents | Kozhikode |
| 11 | Andalloorkavu Temple | 10 Cents | Kannur |
| 12 | Bekal Resort Development Corporation, Bekal. | 10 Cents | Kasaragod |
| **Total** | | **150 cents** | |

നിലവിൽ പദ്ധതി നടക്കുന്നുണ്ട്
ചിലവാക്കിയ തുക - Rs 3,83,96,441.00

5 . അപേക്ഷയിലെ 5,6 ഇനങ്ങളെ സംബന്ധിച്ച വിവരങ്ങൾക്ക് കത്ത് നമ്പർ 696/2022/KDISC പ്രകാരം 12.12.2022 ൽ മറുപടി നൽകിയിട്ടുള്ളതാണ്.

7. കെഡിസ്കിന്റെ സൊസൈറ്റി റെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 1 പേജിലാണ് ഉള്ളത്. ബൈ ലോ 29 പേജ്, 'ഞ്ഞ'- എന്ന മാനുവൽ കെഡിസ്കിൽ ഇല്ല.

8. കെഡിസ്ക് ഗവേർണിംഗ് ബോഡി അംഗങ്ങളുടെ പട്ടിക 2 പേജുകളിലായാണ് ഉള്ളത്.

9. സൊസൈറ്റി രജിസ്ട്രേഷൻ ആക്റ്റിനെയും കെഡിസ്ക് ബൈലോയെയും ആധാരമാക്കിയാണ് ഗവേണിങ് ബോഡി തിരഞ്ഞെടുത്തിട്ടുള്ളത്.

10. ഗവേർണിംഗ് ബോഡി അറ്റെൻഡൻസ് ഷീറ്റോട്ടുകൂടിയ മിനുട്സ് 15 പേജുകളിലായാണ് ഉള്ളത്

മേൽപറഞ്ഞ 1,7,8,10 എന്നീ ഇനങ്ങളുടെ വിവരങ്ങൾ 4660 പേജുകളുണ്ട്, പകർപ്പുകൾ ലഭ്യമാക്കാൻ പേജ് ഒന്നിന് 3 രൂപാ നിരക്കിൽ, 13,980 രൂപ "0070-60-118-99-receipts under Right to Information Act 2005 "എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി അസ്സൽ ചെല്ലാൻ രസീത് ഹാജരാക്കേണ്ടതാണ്

മേൽ മറുപടിയിൽ തങ്ങൾക്ക് പരാതിയുള്ള പക്ഷം മറുപടി ലഭിച് 30 ദിവസത്തിനകം അപ്പീൽ അധികാരിക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**<u>അപ്പീൽ അധികാരി</u>**

ഡോ.പി.വി ഉണ്ണികൃഷ്ണൻ
മെമ്പർ സെക്രട്ടറി
കേരള ഡവലപ്മെന്റ് & ഇന്നോവേഷൻ സ്ട്രാറ്റജിക് കൌൺസിൽ
ഇന്ത്യ ഹൈറ്റ്സ് ബിൽഡിംഗ് ,വിമൻസ് കോളേജ് റോഡ്, വഴുതക്കാട്
തിരുവനന്തപുരം, കേരളം 695014
മൊബൈൽ നമ്പർ : 9447772818.

വിശ്വസ്തതയോടെ,

സുരേഷ് കുമാർ എസ്
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ